(ബി) ടി സർക്കുലർ നിർദ്ദേശം നടപ്പാക്കുന്നതിന് എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും അപ്പക്സ് സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകുകയും ജോയിന്റ് രജിസ്ട്രാർ ബന്ധപ്പെട്ട സംഘങ്ങൾക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പുസ്തകങ്ങൾ വാങ്ങിക്കുന്നതിന് സംഘങ്ങളെ നിർബന്ധിക്കാൻ പ്രായോഗികമായി കഴിയില്ല. ചില ജില്ലകളിൽ പുസ്തകം ലഭ്യമല്ലെന്നും അറിയിച്ചിട്ടുണ്ട്. സഹകരണ ലൈബ്രറി പ്രവർത്തിക്കുന്ന എല്ലാ സഹകരണ സംഘങ്ങളും ഈ പുസ്തകം വാങ്ങുന്നതിന് വീണ്ടും നിർദ്ദേശം നൽകുന്നതോടൊപ്പം ആവശ്യമായ പുസ്തകങ്ങൾ നാഷണൽ ബുക്ക് സ്റ്റാൾ മുഖേന ലഭ്യമാക്കി സംഘങ്ങൾക്ക് നൽകാനും നിർദ്ദേശിക്കുന്നുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ ഫെഡറേഷൻ

97 (4088) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ ഫെഡറേഷനിൽ ഇപ്പോഴത്തെ ഭരണ സമിതി അധികാരത്തിൽ വന്നതിന് ശേഷം PSC യുടെയും ഗവൺമെന്റ് അനുമതിയില്ലാതെയും താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർ; ഇവരുടെ ജാതി, പ്രായം, യോഗ്യത എന്നിവ വ്യക്തമാക്കാമോ ;

(ബി) ഈ നിയമനങ്ങളിൽ ഫെഡറേഷനിൽ നിലവിലുള്ള ഫീഡർ കാറ്റഗറിയിലെ 50% തസ്തികകളിൽ അംഗ സംഘങ്ങളിലെ ജീവനക്കാരെയാണോ നിയമിച്ചത് എന്ന് വ്യക്തമാക്കാമോ ;

(സി) ഈ നിയമനം സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിൻമേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ;

(ഡി) SC/ST സഹകരണ ഫെഡറേഷന്റെ കീഴിൽ തൃശ്ശൂർ ആഞ്ഞേരിയിൽ പ്രവർത്തിക്കുന്ന ആയുർധാരയിലെ പ്രൊഡക്ഷൻ നിർത്തിവച്ചിട്ട് എത്ര മാസമായി ; എന്താണ് കാരണം; ഇപ്പോഴത്തെ ഭരണ സമിതി നിലവിൽ വന്നതിന് ശേഷം എത്ര ജീവനക്കാരെ നിയമിച്ചു; വ്യക്തമാക്കുമോ :

(ഇ) പത്ര പരസ്യം നൽകി ഇൻറർവ്യൂ നടത്തിയാണോ നിയമിച്ചത്; ഇതിന് ഫെഡറേഷൻ ഭരണ സമിതിയുടെ അംഗീകാരം ഉണ്ടോ;

(എഫ്) ഇങ്ങനെ നിയമിച്ചവർക്ക് ബോണസ് ഉൾപ്പെടെ എന്തെല്ലാം ആനുകൂല്യങ്ങൾ നൽകിവരുന്നു; വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 13 താൽക്കാലിക ജീവനക്കാരെ ഫെഡറേഷൻ മാനേജിംഗ് ഡയറക്ടറുടെ 30-6-2014-ലെ ഇ.609/2014/803 നമ്പർ ഉത്തരവുപ്രകാരം 3-3-2005 മുതൽ മുൻകാല പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) പെട്രോൾ പമ്പിൽ താൽക്കാലികമായി 1995 മുതൽ ജോലി ചെയ്തു വരുന്നവരെയാണ് റഗുലറൈസ് ചെയ്തിട്ടുള്ളത്. നിയമനത്തിൽ 50 ശതമാനം സംവരണം പാലിച്ചിട്ടില്ല.

(സി) പരാതികൾ ലഭിച്ചിരുന്നു. ആയതിന്മേൽ അന്വേഷണം നടത്തി സഹകരണ സംഘം രജിസ്ട്രാർ തലത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ആയുർധാരയിലെ മരുന്നുല്പാദനം നിർത്തിവച്ചിട്ടില്ല. ഫണ്ടിന്റെ ദൗർലഭ്യം കാരണം പൂർണ്ണതോതിൽ ഉൽപ്പാദനം നടക്കുന്നില്ല. ഇപ്പോഴത്തെ ഭരണ സമിതി നിലവിൽ വന്നതിനുശേഷം 12 ജീവനക്കാരെ താൽക്കാലികമായി നിയമിച്ചിട്ടുണ്ട്. ഫാക്ടറിയുടെ ഓരോ ഉൽപ്പാദന ഘട്ടത്തിലും ടി ജീവനക്കാരെ വിനിയോഗിക്കുന്നുണ്ട്.

(ഇ) പത്രപരസ്യം, ഇന്റർവ്യൂ എന്നിവ നടത്തിയിട്ടില്ല. ഭരണ സമിതി തീരുമാന പ്രകാരം താൽക്കാലിക നിയമനമാണ് നടത്തിയിട്ടുള്ളത്.

(എഫ്) വേജസ്, ബോണസ്, ഫെസ്റ്റിവൽ അഡ്വാൻസ്, ഫ്രീ മെഡിസിൻ എന്നീ ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്.

കൺസ്യൂമർ ഫെഡിന്റെ ചില്ലറ വിൽപ്പനശാലകൾ

98 (4089) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൺസ്യൂമർ ഫെഡിന്റെ ചില്ലറ വില്പനശാലകളിൽ സാധനങ്ങൾ ഇല്ലാത്തതും സ്ഥാപനങ്ങൾ അടച്ചുപൂട്ടേണ്ട അവസ്ഥയിലായതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ അവസ്ഥയ്ക്ക് കാരണം എന്താണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ & ബി) സ്ഥാപനങ്ങൾ അടച്ചുപൂട്ടേണ്ട അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ വിൽപ്പനയ്ക്കാവശ്യമായ സാധനങ്ങൾ ആവശ്യമായ അളവിൽ യഥാസമയം ലഭ്യമാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ വിൽപ്പനയിൽ കുറവ് വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം തടസ്സങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly